നമ്പർ. സി.ബി.(1)21346/09

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 31.10.2009

## സർക്കുലർ നമ്പർ 52/2009

വിഷയം: സഹകരണ വകുപ്പ് – സഹകരണ നിക്ഷേപം കേരളീയം 2009 – ക്യാമ്പയിൻ – സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന: 1) സഹകരണ സംഘം രജിസ്ട്രാറുടെ 29.7.09 തീയതിയിലെ 39/09 ാം നമ്പർ സർക്കുലർ
2) സഹകരണ സംഘം രജിസ്ട്രാറുടെ 16.10.2009 തീയതിയിലെ 50/09 ാം നമ്പർ സർക്കുലർ

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സഹകരണ പ്രസ്ഥാനത്തിന് പുത്തൻ ഉണർവും ദിശാബോധവും നൽകിയ സഹകരണ നവരത്നം കേരളീയം കർമ്മ പരിപാടിയുടെ ഭാഗമായി കേരളപ്പിറവിയുമായി ബന്ധപ്പെടുത്തി എല്ലാ വർഷവും നവംബർ മാസത്തിൽ സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ മാസമായി ആചരിക്കുകയും ആയതിനായി സഹകരണ നിക്ഷേപം കേരളീയം ക്യാമ്പയിൻ സംഘടിപ്പിച്ചും വരുന്നു. സഹകരണ നിക്ഷേപ കേരളീയം 2009 ക്യാമ്പയിൻ നവംബർ 1 മുതൽ 30 വരെ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിനുള്ള മാർഗ്ഗനിർദ്ദേശം സൂചന 2 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 2 വർഷത്തിനുമേൽ കാലാവധിക്ക് സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് 9.5% പലിശ നിരക്ക് നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു. അതിൻ പ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാനക്കണക്കിൽ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ സഹകരണ ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 3.50 | 3.50 | 3.75 | 3.75 | 4.00 | 4.00 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 4.50 | 4.50 | 4.75 | 4.75 | 5.00 | 5.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 5.25 | 5.25 | 5.50 | 5.50 | 6.00 | 6.00 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.00 | 7.00 | 7.50 | 7.50 | 8.00 | 8.00 |
| 5 | 1 വർഷം മുതൽ 2 വർഷത്തിനു താഴെ വരെ | 8.00 | 8.00 | 8.50 | 8.50 | 9.00 | 9.00 |
| 6 | 2 വർഷത്തിനു മേൽ | 8.00 | 8.00 | 8.50 | 8.50 | 9.00 | 9.50 |

മേൽ നിരക്കുകൾക്കു പുറമെ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് 1/2% നിരക്കിൽ അധിക പലിശ നൽകാവുന്നതാണ്. പുതുക്കിയ നിരക്കുകൾക്ക് 1.11.2009 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്
റാണി ജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2. ചീഫ് ജനറൽ മാനേജർ, നബാർഡ്, റീജിയണൽ ആഫീസ്, തിരുവനന്തപുരം
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും
6. ജോയിന്റ് രജിസ്ട്രാർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും
13. എഡിറ്റർ, സഹകരണ വീഥി
14. സ്റ്റോക്ക് ഫയൽ
15. സ്പെയർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി.സെക്ഷൻ)